# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 107 09.03.2015-ൽ മറുപടിക്ക്

**വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തന പുരോഗതി**

ചോദ്യം ഉത്തരം

| | ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | i) പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ 90 ശതമാനവും ഏറ്റെടുത്തു.<br>ii) പദ്ധതിയുടെ ആവശ്യത്തിനായുള്ള ജലം പദ്ധതി പ്രദേശത്ത് എത്തിയ്ക്കുന്ന ജോലി പൂർത്തീകരിച്ചു.<br>iii) പദ്ധതി നിർമ്മാണ ആവശ്യത്തിനായുള്ള 11 കെ വി വൈദ്യുതി ലൈനിന്റെ പണി പൂർത്തീകരിയ്ക്കുകയും പദ്ധതി നടത്തിപ്പ് സമയത്തിനാവശ്യമായ 220 കെ.വി ലൈനിന്റെ നിർമ്മാണം ആരംഭിയ്ക്കുകയുമുണ്ടായി.<br>iv) 2011 ജൂൺ മാസം 10 -ാം തീയതി പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിനുള്ള 'Project Specific terms of reference' ന്റെ അംഗീകാരവും തുടർന്ന് 2011 ജൂലൈ മാസം 1-ാം തീയതി 'Site Specific terms of reference' ന്റെ അംഗീകാരവും കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുത്തു.<br>v) 9000 TEU ശേഷിയുള്ള കപ്പലുകൾ അടുക്കുവാനാകുന്ന രീതിയിൽ IFC വിഭാവനം ചെയ്ത തുറമുഖ മാസ്റ്റർ പ്ലാൻ 18000 TEU വോ അതിൽ കൂടുതലോ ശേഷിയുള്ള കപ്പലുകൾ അടുക്കുവാനാകും വിധം 2012 നവംബർ മാസത്തിൽ തയ്യാറാക്കുകയുണ്ടായി.<br>vi) 2006 ലെ പാരിസ്ഥിതികാഘാത നിർണ്ണയ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നതനുസരിച്ച് ഏതാണ്ട് 18 മാസം നീണ്ടു നിന്ന പാരിസ്ഥിതികാഘാത പഠനം നടത്തുകയും റിപ്പോർട്ട് 2013 മേയ് മാസത്തിൽ പ്രസിദ്ധീകരിക്കുകയും, |

| | | | |
|---|---|---|---|
| | | | പബ്ളിക് ഹിയറിംഗ് നടത്തുകയും, തുടർന്ന് കേന്ദ്ര മന്ത്രാലയത്തിന് 2013 ഒക്ടോബർ മാസത്തിൽ സമർപ്പിക്കുകയും 2014 ജനുവരി മാസം 3 ന് പാരിസ്ഥിതികാനുമതി നേടുകയും ചെയ്തു.<br>vii) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന Viability Gap Fund (VGF) ലഭ്യമാക്കുന്നതിനു ശ്രമിക്കുകയും, തത്വത്തിലുള്ള അംഗീകാരം 2015 ഫെബ്രുവരി മൂന്നിന് നേടിയെടുക്കുകയുമുണ്ടായി.<br>viii) പദ്ധതി നടപ്പിലാക്കുവാനായി 2013 ഡിസംബർ 4 ന് കരാറുകൾ പ്രസിദ്ധീകരിച്ചു. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ദീർഘിപ്പിച്ച അവസാന തീയതി 2015 മാർച്ച് 25 ആണ്. |
| (ബി) | കേന്ദ്രത്തിൽ നിന്നും വിഴിഞ്ഞം പദ്ധതിക്കനുകൂലമായി ഏതൊക്കെ തീരുമാനങ്ങളാണ് ഇനിയും ഉണ്ടാകാനുള്ളത്; | (ബി) | i. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കബോട്ടാഷ് നിയമത്തിൽ ലഭിക്കാനുള്ള ഇളവ്.<br>ii. പദ്ധതിയുടെ ടെണ്ടർ ലഭ്യമാകുന്ന കരാറുകാരന് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി ക്ലിയറൻസ്. |
| സി) | വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്; | (സി) | i. സംസ്ഥാനത്ത് നിന്നുള്ള കാർഗോയിലുള്ള കുറവു കാരണം ട്രാൻസ്ഷിപ്പ്മെന്റ് ബിസിനസ് മാത്രമായി ചുരുങ്ങുന്ന സാഹചര്യം<br>ii. ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന് ആവശ്യംവേണ്ട കബോട്ടാഷ് നിയമത്തിന്റെ ഇളവ് കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യം<br>iii. പദ്ധതിയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതിയ്ക്ക് എതിരെയും 2011 ലെ CRZ നിയമത്തെയും ചോദ്യം ചെയ്തുകൊണ്ടും ഹരിത ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ<br>iv. ആഗോള സാമ്പത്തിക മാന്ദ്യവും തുടർന്നുള്ള കണ്ടെയ്നർ ചരക്കു ഗതാഗതത്തിലെ കുറവും. |

| | | | |
|---|---|---|---|
| (ഡി) | വിഴിഞ്ഞം പദ്ധതിയുടെ ടെൻഡർ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കമോ? | (ഡി) | പദ്ധതി നടപ്പിലാക്കുവാനായി 2013 ഡിസംബർ 4 ന് കരാറുകൾ പ്രസിദ്ധീകരിച്ചു. കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സംബന്ധിച്ച് അനുമതി ലഭ്യമാകാനുള്ള കാലതാമസം കാരണം ടെൻഡർ സമർപ്പിക്കുവാനുള്ള തീയതി ദീർഘിപ്പിക്കേണ്ടിവന്നു. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തീയതി 2015 മാർച്ച് മാസം 25 ആണ്. |

സെക്ഷൻ ഓഫീസർ